**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 503** **17-09-2025-ൽ മറുപടിയ്ക്ക്**

**<u>ആസ്തിവികസന ഫണ്ട് ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** 2021-22 സാമ്പത്തിക വർഷം മുതൽ 2024-25 വർഷം വരെയുള്ള കാലയളവിലെ ആസ്തിവികസന ഫണ്ട് (എ.ഡി.എസ്.) സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് (എം.എൽ.എ.-എസ്.ഡി.എഫ്.) എന്നിവയിലെ ടെണ്ടർ സേവിംഗ്സ് 2025-26 വർഷത്തിൽ ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

**<u>മറുപടി:</u>** 12-08-2025 ലെ സ.ഉ.(അച്ചടി) നം.100/2025/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2021-22 സാമ്പത്തിക വർഷം മുതൽ 2024-25 സാമ്പത്തിക വർഷം വരെയുള്ള കാലയളവിലെ ആസ്തി വികസന പദ്ധതി ഉപയോഗിച്ചുള്ള പ്രവൃത്തികളിലെ ടെണ്ടർ സേവിംഗ്സ് 2025-26 സാമ്പത്തിക വർഷം ഉപയോഗിക്കാവുന്നതാണ്. പ്രത്യേക വികസന നിധിയിൽ ടെണ്ടർ സേവിംഗ്സ് പുതിയ പ്രവൃത്തികൾക്കായി വിനിയോഗിക്കുന്നതിന് അനുമതിയില്ല.

**(ബി)** ടെണ്ടർ സേവിംഗ്സിനുള്ള പ്രൊപ്പോസലുകൾ ഒരു വർഷത്തിൽ ആകെ സമർപ്പിക്കാവുന്ന 20 എണ്ണത്തിനു പുറമെ കൂടുതൽ പ്രൊപ്പോസലുകൾ ഉൾപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** 12-08-2025 ലെ സ.ഉ.(അച്ചടി) നം.100/2025/ ധന ഉത്തരവ് പ്രകാരം ഒരു സാമ്പത്തിക വർഷത്തെ സേവിംഗ്സ് തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ പരിഗണിക്കുമ്പോൾ പരമാവധി പ്രവൃത്തികളുടെ എണ്ണം 20 എന്ന നിബന്ധനയും 5 കോടി രൂപ എന്ന പരിധിയും നിഷ്കർഷിച്ചിട്ടില്ല.

**(സി)** മുൻ വർഷങ്ങളിൽ സമർപ്പിച്ച എ.ഡി.എസ്. പ്രൊപ്പോസലുകളിൽ ആവശ്യമായ തുക ബാലൻസ് ഇല്ലാത്തതിനാലും പ്രവൃത്തികൾ നടത്തുന്നതിന് സാങ്കേതിക തടസ്സങ്ങൾ വന്നതിനാൽ ഉപേക്ഷിക്കേണ്ടി വന്നതിനാലും, റേറ്റ് റിവിഷൻ മൂലം എസ്റ്റിമേറ്റ് തുക വർദ്ധിപ്പിച്ച് നൽകേണ്ടതിനാലും, നടപ്പാക്കാൻ കഴിയാതെ വന്ന പ്രൊപ്പോസലുകൾക്കായി മാറ്റി വച്ച തുക തുടർവർഷങ്ങളിൽ ഉൾപ്പെടുത്തി നൽകുന്നതിന് അനുമതി ലഭ്യമാക്കുമോ?

**<u>മറുപടി:</u>** മുൻ വർഷങ്ങളിലെ ആസ്തി വികസന പദ്ധതിയിൽ നടപ്പാക്കാൻ കഴിയാതെ വന്ന പ്രൊപ്പോസലുകൾക്കായി മാറ്റി വച്ച തുക തുടർവർഷങ്ങളിൽ ഉൾപ്പെടുത്തി ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് അനുമതി നല്കാൻ സാധിക്കുകയില്ല.

**സെക്ഷൻ ഓഫീസർ**